©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2012

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പന്ത്രണ്ടാം കേരള നിയമസഭ

# മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2011-2014)

## ഒന്നാമത് റിപ്പോർട്ട്

( 2012 ജൂലൈ 19-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2012

പന്ത്രണ്ടാം കേരള നിയമസഭ

# മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2011-2014)

## ഒന്നാമത് റിപ്പോർട്ട്

( 2012 ജൂലൈ 19-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2012

1104/2012.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I | .. | 16 |
| അനുബന്ധം II | .. | 17 |

..

## മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി
## (2011–2014)

### സമിതിയുടെ ഘടന

അദ്ധ്യക്ഷൻ :

ശ്രീ. ജോസ് തെറ്റയിൽ.

അംഗങ്ങൾ :

ശ്രീ. ബാബു എം. പാലിശ്ശേരി
,, കെ. ദാസൻ
,, റോഷി അഗസ്റ്റിൻ
,, വി. പി. സജീന്ദ്രൻ
,, വി. ശിവൻകുട്ടി
,, വി. എം. ഉമ്മർ മാസ്റ്റർ
,, എം. എ. വാഹീദ്
,, എം. പി. വിൻസെന്റ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. കെ. മുരളീധരൻ, സെക്രട്ടറി-ഇൻ-ചാർജ്
ശ്രീ. കെ. പുരുഷോത്തമൻ, ജോയിന്റ് സെക്രട്ടറി
ശ്രീ. തോമസ് ചെട്ടുപറമ്പിൽ, അണ്ടർ സെക്രട്ടറി.

## മുഖവുര

മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതിയുടെ (2011–2014)യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ഈ റിപ്പോർട്ട് 2012 ജൂലൈ 16–ാം തീയതി കൂടിയ സമിതിയോഗം അംഗീകരിച്ചു.

**ജോസ് തെറ്റയിൽ,**

തിരുവനന്തപുരം,
2012 ജൂലൈ, 16.

*അദ്ധ്യക്ഷൻ,*
*മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി.*

## ആമുഖം

ഗവൺമെന്റ് പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങൾ, ചട്ടങ്ങൾ, ഉപചട്ടങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, ദേവസ്വം ബോർഡുകൾ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റി, ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റികൾ, ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് എന്നിവയുടെ വാർഷിക/ഭരണ/ഓഡിറ്റ് റിപ്പോർട്ടുകളും കണക്കുകളും, സർക്കാർ നിയമിക്കുന്ന അന്വേഷണ കമ്മീഷൻ റിപ്പോർട്ടും അതിന്മേൽ സർക്കാർ സ്വീകരിക്കുന്ന നടപടികൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റും, കേരള വനിതാ കമ്മീഷൻ റിപ്പോർട്ട്, കമ്മീഷൻ സർക്കാരിനു നൽകുന്ന ശുപാർശകൾ എന്നിവ ഒരു നിശ്ചിത സമയപരിധിക്കുള്ളിൽ മേശപ്പുറത്ത് വയ്ക്കണമെന്ന് ബന്ധപ്പെട്ട നിയമം അനുശാസിക്കുന്നു.

കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നതിനും അതിനുണ്ടാകുന്ന കാലതാമസത്തിന്റെ കാരണം പരിശോധിക്കുന്നതിനും ഒരു പ്രത്യേക സമിതി രൂപീകരിക്കണമെന്ന ഒൻപതാം കേരള നിയമസഭയുടെ ചട്ടങ്ങൾ സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ടിലെ ശുപാർശയുടെ അടിസ്ഥാനത്തിൽ 1995 ഏപ്രിൽ 21-ാം തീയതിയിലെ അസാധാരണ ഗസറ്റ് വിജ്ഞാപനംവഴിയാണ് 1995 ഏപ്രിൽ 28-ാം തീയതി കേരള നിയമസഭയിലെ മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി രൂപീകൃതമായത്.

പതിമൂന്നാം കേരള നിയമസഭയുടെ മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി 2011 ഒക്ടോബർ മാസം 21-ാം തീയതി രൂപീകൃതമായി. കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നത് സംബന്ധിച്ച ഇന്ത്യൻ പാർലമെന്റിലെ മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി പുറപ്പെടുവിച്ച പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ സമിതിയുടെ പ്രഥമയോഗം ചർച്ച ചെയ്യുകയും, സർക്കാരിൽനിന്ന് സാമ്പത്തിക സഹായം സ്വീകരിക്കുന്ന എല്ലാ സഹകരണ/സന്നദ്ധ സംഘടനാ സ്ഥാപനങ്ങളും അവയുടെ വാർഷിക/ഓഡിറ്റ് റിപ്പോർട്ടുകൾ സഭയ്ക്കുമുമ്പാകെ സമർപ്പിച്ചിരിക്കണമെന്നുള്ള സമിതി നിർദ്ദേശം ബന്ധപ്പെട്ട ചട്ടങ്ങളിൽ ഉൾപ്പെടുത്തുന്നതിനും, സമിതിയുടെ പ്രവർത്തനമേഖലയും അധികാരങ്ങളും വിപുലപ്പെടുത്തുന്നതിന് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിൽ ആവശ്യമായ മാറ്റം വരുത്തുന്നതിന് പ്രസ്തുത വിഷയം ചട്ടങ്ങൾ സംബന്ധിച്ച സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ വിഷയം ചട്ടങ്ങൾ സംബന്ധിച്ച സമിതിക്ക് കൈമാറിയിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങൾ അവയുടെ വാർഷിക/ഭരണ/ഓഡിറ്റ് റിപ്പോർട്ടുകൾ, കണക്കുകൾ എന്നിവ അതാത് സാമ്പത്തിക വർഷം അവസാനിച്ച് ആറുമാസത്തിനകം (സെപ്റ്റംബർ 30-നകം) സർക്കാരിൽ സമർപ്പിക്കണമെന്നും സർക്കാർ മൂന്ന് മാസത്തിനകം (ഡിസംബർ 31-നകം) സഭയിൽ സമർപ്പിക്കണമെന്നുമുള്ള 1956-ലെ കമ്പനി നിയമത്തിലേയും 1971-ലെ കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെയും നിയമത്തിലെ വകുപ്പുകൾ അനുശാസിക്കുന്നുണ്ടെന്നിരിക്കെ, റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നതിൽ മേൽപ്പറഞ്ഞ സമയപരിധി സംസ്ഥാനത്തെ ഭൂരിപക്ഷം

പൊതുമേഖലാ സ്ഥാപനങ്ങളും കൃത്യമായി പാലിക്കുന്നില്ല. പൊതുഖജനാവിൽനിന്നുമുള്ള പണമുപയോഗിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ അവയുടെ വാർഷിക/ഭരണ/ഓഡിറ്റ് റിപ്പോർട്ടുകൾ ബന്ധപ്പെട്ട നിയമം അനുശാസിക്കുന്ന സമയപരിധിക്കുള്ളിൽ സമർപ്പിക്കുന്നതിന് കാണിക്കുന്ന നിരുത്തരവാദപരമായ സമീപനം, നിയമസഭയോടും പൊതുസമൂഹത്തോടുമുള്ള അവഹേളനമാണ്. സംസ്ഥാനത്തിന്റെ വികസനത്തിനും വ്യാവസായിക പുരോഗതിക്കും പൊതുമേഖലാ സ്ഥാപനങ്ങൾ അനുപേക്ഷണീയമാണെന്നും അവ മികച്ച രീതിയിൽ പ്രവർത്തിക്കേണ്ടതും നിലനിൽക്കേണ്ടതും സമൂഹത്തിന്റെ ആവശ്യമാണെന്നും സമിതി വിലയിരുത്തുന്നു.

സമിതിയുടെ രൂപീകരണശേഷം സമിതി ഇതുവരെ ചേർന്നയോഗങ്ങളിൽ ഏകദേശം 80 സ്ഥാപനങ്ങളുടെ വിവിധ വർഷങ്ങളിലെ റിപ്പോർട്ടുകളുടെ 200-ഓളം ഡിലേ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ എത്തിച്ചേർന്ന നിഗമനങ്ങളും കൈക്കൊണ്ട തീരുമാനങ്ങളും, സർക്കാരിന് നൽകിയ നിർദ്ദേശങ്ങളും ശുപാർശകളും ഉൾപ്പെടുന്നതാണ് ഈ റിപ്പോർട്ട്.

# റിപ്പോർട്ട്

കേരള സർക്കാരിന്റെ നിയന്ത്രണത്തിലുള്ള സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റ് പുറത്തിറക്കുന്ന കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച ആധികാരിക പ്രസിദ്ധീകരണമായ റിവ്യൂ ഓഫ് പബ്ലിക് എന്റർപ്രൈസസ് ഇൻ കേരളയുടെ 2012-ലെ റിവ്യൂ പ്രകാരം, സംസ്ഥാനത്ത് ആകെയുള്ള 120 പൊതുമേഖലാ സ്ഥാപനങ്ങളിൽ 89 എണ്ണം പൂർണ്ണമായും പ്രവർത്തിക്കുന്നവയും, ശേഷിക്കുന്നവ ഭാഗികമായി പ്രവർത്തിക്കുന്നവയോ അടച്ചുപൂട്ടൽ ഭീഷണിയുള്ളവയോ ലിക്വിഡേറ്റ് ചെയ്തവയോ ആണ്. പൂർണ്ണമായും പ്രവർത്തനക്ഷമമായ 89 സ്ഥാപനങ്ങളിൽ 28 സ്ഥാപനങ്ങൾ മാത്രമാണ് 2010-11 വരെയുള്ള വാർഷിക കണക്കുകളിൽ മേൽ ഓഡിറ്റിംഗ് പൂർത്തീകരിച്ചതെന്ന് പ്രസ്തുത റിവ്യൂ ചൂണ്ടികാണിക്കുന്നു. 61 സ്ഥാപനങ്ങളിലെ വിവിധ വർഷങ്ങളിലെ കണക്കുകളിൽ മേൽ ആഡിറ്റിംഗ് ഇനിയും പൂർത്തീകരിച്ചിട്ടില്ല (സ്ഥാപനങ്ങളുടെ ഓഡിറ്റിംഗ് കുടിശ്ശികയുടെ വിശദാംശങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു). 222165.27 കോടി രൂപ മൂലധന നിക്ഷേപമുള്ള സംസ്ഥാനത്തെ ഈ 89 പൊതുമേഖലാ സ്ഥാപനങ്ങളിൽ, 61 സ്ഥാപനങ്ങളിലെ വാർഷിക കണക്കുകളിന്മേൽ ഓഡിറ്റിംഗ് പൂർത്തീകരിച്ചിട്ടില്ലായെന്നത് ന്യായീകരിക്കാവുന്നതല്ല. പൊതുഖജനാവിൽ നിന്നുമുള്ള പണം ഫലപ്രദമായി വിനിയോഗിക്കുന്നുണ്ടോയെന്ന് പൊതുസമൂഹത്തെ ബോധ്യപ്പെടുത്താൻ നിയമപരമായും ധാർമ്മികപരമായും ബാധ്യതയുള്ള സ്ഥാപനങ്ങൾ അവയുടെ വാർഷിക കണക്കുകൾ യഥാസമയം സഭയിൽ സമർപ്പിക്കാത്തത് ജനാധിപത്യ വ്യവസ്ഥിതിയിൽ അഭിലഷണീയമായ നടപടിയല്ലെന്ന് സമിതി കരുതുന്നു. കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2011 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ സംസ്ഥാന സർക്കാരിനെ സംബന്ധിച്ച റിപ്പോർട്ട്, (വാണിജ്യപരം), സംസ്ഥാനത്തെ 38 പൊതുമേഖലാ സ്ഥാപനങ്ങൾ 249.60 കോടി രൂപയുടെ നഷ്ടം വരുത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. സർക്കാരിന്റെ സാമ്പത്തിക സഹായം സ്വീകരിക്കുന്ന എല്ലാ സ്ഥാപനങ്ങളും അവയുടെ വാർഷിക/ഭരണ/ഓഡിറ്റ് റിപ്പോർട്ടുകൾ, കണക്കുകൾ എന്നിവ ബന്ധപ്പെട്ട നിയമം അനുശാസിക്കുന്ന സമയപരിധിക്കുള്ളിൽ സഭയിൽ സമർപ്പിക്കണമെന്ന സമിതി നിർദ്ദേശം പൂർണ്ണമായും നടപ്പിലാക്കപ്പെട്ടിട്ടില്ല. 1956-ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതമായ കേരള സംസ്ഥാന മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ, കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾ അവയുടെ വാർഷിക റിപ്പോർട്ടുകൾ ഒന്നുംതന്നെ ഇതുവരെയും സഭയിൽ സമർപ്പിച്ചിട്ടില്ലായെന്നത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയാണെന്ന് സമിതി കരുതുന്നു. കോടിക്കണക്കിന് രൂപ മൂലധന നിക്ഷേപമുള്ള വർഷംതോറും സർക്കാരിൽനിന്ന് ധനസഹായം കൈപ്പറ്റുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ സംബന്ധിച്ചും, പണവിനിയോഗത്തെ സംബന്ധിച്ചും അറിയാനുള്ള അവകാശം നിയമസഭയ്ക്കും അതുവഴി പൊതുസമൂഹത്തിലും നിക്ഷിപ്തമാണ്.

1104/2012.

വാർഷിക റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിൽ വളരെയധികം കുടിശ്ശികയുള്ള, വളരെ ലാഘവത്തോടെയും നിരുത്തരവാദപരമായും ഡിലേ സ്റ്റേറ്റ്മെന്റുകൾ തയ്യാറാക്കിയിട്ടുള്ളതുമായ സ്ഥാപനങ്ങളെ സംബന്ധിച്ച് സമിതി നടത്തിയ നിരീക്ഷണങ്ങളും അഭിപ്രായങ്ങളും ചുവടെ ചേർക്കുന്നു.

I. **കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ :**

1. 1993-ലെ മനുഷ്യാവകാശ സംരക്ഷണ നിയമത്തിലെ വകുപ്പ് 21 അനുസരിച്ച് 1998 ഡിസംബർ മാസം 11-ാം തീയതി രൂപീകൃതമായ സ്ഥാപനമാണ് തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ.

2. 1993-ലെ മനുഷ്യാവകാശ സംരക്ഷണ നിയമത്തിലെ വകുപ്പ് 28(2), 35(4) യഥാക്രമം കമ്മീഷന്റെ വാർഷിക റിപ്പോർട്ടുകൾ, ഓഡിറ്റ് റിപ്പോർട്ടുകൾ എന്നിവ സഭയ്ക്ക് മുമ്പാകെ സമർപ്പിക്കണമെന്ന് നിഷ്കർഷിക്കുന്നു. ആയത് ചുവടെ ചേർക്കുന്നു:

3. (1) "As per the sub-section (2) of Section 28 of the Protection of Human Rights Act, 1993, the Government shall cause the annual and special reports of the commission to be laid before the Legislative Assembly along with a memorandum of action taken or proposed to be taken on recommendation of the state commission and the reasons for non-acceptance of the recommendation if any".

4. (2) As per the sub-section (4) of Section 35 of the Protection of Human Rights Act, 1993 the accounts of the State Commission as certified by the Comptroller and Auditor General of India or any other persons appointed by him in this behalf, together with the audit report thereon shall be forwarded annually to the State Government by the State Commission and the State Government shall cause the audit report to be laid as soon as may be after it is received, before the State Legislature.

5. വാർഷിക/ഓഡിറ്റ് റിപ്പോർട്ടുകളെ കൂടാതെ കമ്മിഷന്റെ ഭരണ റിപ്പോർട്ടുകളും സഭയിൽ സമർപ്പിക്കാറുണ്ട്. എന്നാൽ കമ്മീഷന്റെ 2002-03 മുതലുള്ള വാർഷിക റിപ്പോർട്ടുകൾ, 2009-10, 2010-11 എന്നീ വർഷങ്ങളിലെ ഭരണ റിപ്പോർട്ടുകൾ എന്നിവ സഭയിൽ സമർപ്പിക്കാനായി ലഭ്യമാക്കിയിട്ടില്ല. കമ്മീഷന്റെ കുടിശ്ശിക റിപ്പോർട്ടുകൾ കാലതാമസമില്ലാതെ സഭയിൽ സമർപ്പിക്കാനാവശ്യമായ മേൽ നടപടികൾ അടിയന്തിരമായി സ്വീകരിക്കണമെന്ന് മുൻകാലങ്ങളിൽ സമിതി നൽകിയ നിർദ്ദേശം ഇനിയും നടപ്പിലാക്കിയിട്ടില്ലായെന്നത്, പ്രസ്തുത കമ്മീഷന്റെ വാർഷിക/ഭരണ/ഓഡിറ്റ് റിപ്പോർട്ടുകളുടെ കുടിശ്ശിക വ്യക്തമാക്കുന്നു. പ്രസ്തുത റിപ്പോർട്ടുകൾ നിയമം അനുശാസിക്കുന്ന സമയപരിധിക്കുള്ളിൽ സഭയ്ക്ക് മുമ്പാകെ സമർപ്പിക്കുന്നത്

സംബന്ധിച്ച് യാതൊരു പുരോഗതിയും ഇല്ലാത്തത് നിയമസഭാ സമിതിയുടെ നിർദ്ദേശങ്ങൾ ആത്മാർത്ഥമായി നടപ്പിലാക്കുന്നതിലുള്ള ബന്ധപ്പെട്ട വകുപ്പിന്റെ ഉദാസീനതയ്ക്ക് ഉദാഹരണമായി സമിതി വിലയിരുത്തുന്നു.

6. കമ്മീഷന്റെ കുടിശ്ശികയായുള്ള വാർഷിക/ഭരണ റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കാനാവശ്യമായ മേൽനടപടികൾ സ്വീകരിക്കണമെന്നും, ആയത് സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ സമിതിയുടെ പരിഗണനയ്ക്ക് മുമ്പാകെ സമർപ്പിക്കണമെന്നുമുള്ള സമിതിയുടെ ആവശ്യം ഈ സെക്രട്ടേറിയറ്റിലെ 31-3-2010, 26-3-2012 എന്നീ തീയതികളിലെ 1206/സി.പി.എൽ.1/2010/ലെജി., 5982/സി.പി.എൽ.1/2010/ലെജി. എന്നീ നമ്പർ കത്തുകൾ മുഖേന നിയമവകുപ്പിനോടാവശ്യപ്പെട്ടിരുന്നെങ്കിലും ആയത് സംബന്ധിച്ച് യാതൊരുവിധ മറുപടിയും നിയമവകുപ്പ് ഈ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കിയിട്ടില്ലായെന്നത് സമിതിയുടെ നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുന്ന തിന് ബന്ധപ്പെട്ട വകുപ്പ് എത്രമാത്രം ശുഷ്കാന്തി പുലർത്തിയെന്നുള്ളതിന് തെളിവാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. മനുഷ്യാവകാശ കമ്മീഷന്റെ വാർഷിക റിപ്പോർട്ടുകളുടെ സമർപ്പണം സംബന്ധിച്ച് 'വിവരാവകാശ നിയമം 2005' പ്രകാരം മനുഷ്യാവകാശ കമ്മീഷൻ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ നൽകിയ ഒരു മറുപടിയുടെ പകർപ്പ് കമ്മീഷന്റെ ഓഫീസ് ഈ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കിയത് ചുവടെ ചേർക്കുന്നു:

7. "വാർഷിക റിപ്പോർട്ടുകൾ യഥാസമയം സമർപ്പിക്കാൻ കഴിയാത്തത് മറ്റു വകുപ്പുകളിൽനിന്നും ആക്ഷൻ ടേക്കൺ റിപ്പോർട്ടുകൾ കിട്ടാത്തതിനാലാണ്. ആക്ടിൽ ആക്ഷൻ ടേക്കൺ റിപ്പോർട്ടുകൾ സഹിതം അയയ്ക്കണമെന്ന് നിഷ്കർഷിച്ചിരുന്നതിനാൽ അല്ലാതെ സമർപ്പിക്കാനും കഴിയുന്നില്ല. എന്നിരുന്നാലും എത്രയുംവേഗം എല്ലാ വകുപ്പുകളിൽ നിന്നും ആക്ഷൻ ടേക്കൺ റിപ്പോർട്ടുകൾ ലഭ്യമാക്കുന്നത് ത്വരിതപ്പെടുത്താൻ അഡീഷണൽ ലാ സെക്രട്ടറി, മനുഷ്യാവകാശ കമ്മീഷൻ സെക്രട്ടറി എന്നിവരടങ്ങിയ ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട് എന്നുള്ള വിവരംകൂടി അറിയി ക്കുന്നു."

8. <u>വിവരാവകാശ നിയമപ്രകാരം ഒരു അപേക്ഷകന് നൽകിയ മറുപടി പോലും നിയമസഭയുടെ പരിച്ഛേദമായ നിയമസഭാ സമിതിയുടെ പരിഗണനയ്ക്ക് ലഭ്യമാക്കാതിരുന്ന ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരുടെ നടപടി, ജനാധിപത്യത്തിന്റെ ശ്രീകോവിലായ നിയമസഭയോടുള്ള അനാദരവും അവഹേളനവുമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. ബന്ധപ്പെട്ട ഉദ്യോഗസ്ഥ രുടെ ഭാഗത്തുനിന്നുള്ള ഇത്തരം ഉദാസീനവും നിരുത്തരവാദപരവുമായ സമീപനങ്ങളിൽ സമിതി കടുത്ത അമർഷം രേഖപ്പെടുത്തുന്നതോടൊപ്പം, പ്രസ്തുത വിഷയം വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തണമെന്ന് ചീഫ് സെക്രട്ടറിയോട് സമിതി ഇതിനാൽ നിർദ്ദേശം നൽകുന്നു.</u>

9. കമ്മീഷന്റെ 2001-02-ലെ റിപ്പോർട്ട് 8-2-2011-നാണ് സഭയിൽ സമർപ്പിച്ചത്. 2002 ഡിസംബർ 31-നകം സഭയിൽ സമർപ്പിക്കേണ്ട പ്രസ്തുത റിപ്പോർട്ട് 9 വർഷം കഴിഞ്ഞാണ് സഭയിൽ സമർപ്പിക്കാൻ കഴിഞ്ഞത്. 2002 ഡിസംബർ 31-നകം സഭയിൽ സമർപ്പിക്കേണ്ടിയിരുന്ന റിപ്പോർട്ട് 10 വർഷത്തോളം വൈകി സഭയിൽ സമർപ്പിച്ചത്, മനുഷ്യാവകാശ കമ്മീഷൻ പോലുള്ള സുപ്രധാനവും പരമപ്രധാനവുമായ ഒരു സ്ഥാപനത്തിന്റെ പ്രവർത്തനത്തിന് ഒട്ടും യോജിച്ചതല്ലെന്ന് സമിതി കരുതുന്നു.

ആക്ഷൻ ടേക്കൺ റിപ്പോർട്ടുകൾ എല്ലാ വകുപ്പുകളിൽ നിന്നും യഥാസമയം ലഭ്യമാകാത്തതാണ് വാർഷിക റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കാൻ വൈകുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. ഇത്തരം ഭരണപരമായ കാലതാമസം ഒഴിവാക്കാൻ സർക്കാർ തലത്തിൽ അടിയന്തിരമായ സംവിധാനം ഏർപ്പെടുത്തണമെന്ന് ചീഫ് സെക്രട്ടറിയോട് സമിതി ആവശ്യപ്പെടുന്നു.

10. കമ്മീഷന്റെ കുടിശ്ശികയായുള്ള 2002-03 മുതലുള്ള വാർഷിക റിപ്പോർട്ടുകൾ (ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റ് സഹിതം), 2009-10, 2010-11 എന്നീ വർഷങ്ങളിലെ ഭരണ റിപ്പോർട്ട് എന്നിവ അടിയന്തിരമായി സഭയിൽ സമർപ്പിക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു.

11. കമ്മീഷൻ നൽകുന്ന ശുപാർശകളിന്മേൽ ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിക്കുന്ന നടപടികൾ, എല്ലാ വകുപ്പുകളിൽ നിന്നും ശേഖരിച്ച് ഏകീകരിക്കുന്നതിനാവശ്യമായ ഒരു സംവിധാനം അടിയന്തിരമായി ഏർപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

12. കമ്മീഷൻ നൽകുന്ന ശുപാർശകളിന്മേൽ സർക്കാർ തലത്തിൽ നടപടി സ്വീകരിക്കുന്നതിന് കാലതാമസം വരുത്തരുതെന്നും, കമ്മീഷൻ നൽകുന്ന ശുപാർശകൾ സർക്കാരിൽ ലഭ്യമായാലുടൻതന്നെ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് വകുപ്പുകളോട് സമിതി ശുപാർശ ചെയ്യുന്നു.

13. കമ്മീഷൻ സർക്കാരിനു നൽകുന്ന സ്പെഷ്യൽ റിപ്പോർട്ടുകൾ സഭയ്ക്ക് മുമ്പാകെ ഇതുവരെയും സമർപ്പിച്ചിട്ടില്ല. ആയതിനാൽ കമ്മീഷന്റെ സ്പെഷ്യൽ റിപ്പോർട്ടുകൾ അവ സർക്കാരിൽ ലഭ്യമാക്കിയാലുടൻതന്നെ സഭയിൽ സമർപ്പിക്കാനാവശ്യമായ സത്വര നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## II. കേരള വാട്ടർ അതോറിറ്റി :

14. 1986-ലെ വാട്ടർ സപ്ലൈ & സ്വീവറേജസ് ആക്ടിലെ വകുപ്പ് 56(1), കേരള വാട്ടർ അതോറിറ്റിയുടെ ഭരണ റിപ്പോർട്ട് സഭയ്ക്ക് മുമ്പാകെ സമർപ്പിക്കണമെന്ന് നിഷ്കർഷിക്കുന്നു.

15. ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസിന്റെ 2012-ലെ റിവ്യൂ പ്രകാരം സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ, മൂലധന നിക്ഷേപത്തിന്റെ കാര്യത്തിൽ ഏകദേശം 7013.24 കോടി രൂപയുടെ നിക്ഷേപമുള്ള ജലഅതോറിറ്റിയാണ് ഒന്നാം സ്ഥാനത്ത്. എന്നാൽ വാർഷിക/ഭരണ/ഓഡിറ്റ് റിപ്പോർട്ടുകൾ സഭയ്ക്ക് മുമ്പാകെ സമർപ്പിക്കുന്നതിൽ കാലതാമസം

വരുത്തുന്നകാര്യത്തിൽ കേരളത്തിലെ ആകെയുള്ള 8 സ്റ്റാറ്റ്യൂട്ടറി സ്ഥാപനങ്ങളിൽ ഒന്നാം സ്ഥാനമാണ് ജലഅതോറിറ്റിക്കുള്ളത്. അതോറിറ്റിയുടെ 2004-05-ലെ ഭരണ റിപ്പോർട്ട് സഭയിൽ സമർപ്പിച്ചശേഷം 2009-10-ലെ ഭരണ റിപ്പോർട്ടാണ് സഭയിൽ സമർപ്പിക്കാനായി ലഭ്യമാക്കിയത്. 2005-06 മുതൽ 2008-09 വർഷം വരെയുള്ള 4 വർഷത്തെ ഭരണ റിപ്പോർട്ടുകൾ ഇതുവരെയും സഭയിൽ സമർപ്പിച്ചിട്ടില്ല.

16. 2009-10-ലെ ഭരണ റിപ്പോർട്ടിനോടൊപ്പം, ജലവിഭവ വകുപ്പ് ലഭ്യമാക്കിയ ഡിലേ സ്റ്റേറ്റ്മെന്റിൽ അതോറിറ്റിയുടെ, 2004-2005-നു ശേഷമുള്ള വർഷങ്ങളിലെ ഭരണ റിപ്പോർട്ടുകൾ തയ്യാറാക്കുന്നത് വേണ്ടെന്നുവയ്ക്കാൻ 23-3-2010-ൽ ചേർന്ന അതോറിറ്റി മീറ്റിംഗിൽ മാനേജിംഗ് ഡയറക്ടറോട് നിർദ്ദേശിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. റിവ്യൂ ഓഫ് പബ്ലിക് എന്റർപ്രൈസസ്സിന്റെ 2012-ലെ കണക്കനുസരിച്ച് 1165.64 കോടി രൂപയാണ് അതോറിറ്റിയുടെ സഞ്ചിത നഷ്ടം. ഇത്തരത്തിൽ കോടിക്കണക്കിന് രൂപയുടെ നഷ്ടത്തിന്റെ കണക്കുകൾ പറയുന്ന ഒരു സ്ഥാപനത്തിന്റെ 2005-06 മുതൽ 2008-09 വരെയുള്ള വർഷങ്ങളിലെ ഭരണറിപ്പോർട്ടുകൾ തയ്യാറാക്കുന്നത് വേണ്ടെന്ന് വയ്ക്കാൻ തയ്യാറായത്, അതോറിറ്റിയുടെ മേൽപ്പറഞ്ഞ വർഷങ്ങളിലെ പ്രവർത്തനങ്ങളെ സംബന്ധിച്ച് അറിയാനുള്ള ജനങ്ങളുടെ അവകാശത്തെ നിഷേധിക്കലാണ്.

17. വാർഷിക ഭരണ റിപ്പോർട്ടുകൾ സഭയ്ക്കുമുമ്പാകെ സമർപ്പിക്കണമെന്ന നിയമപരമായ ബാധ്യതയെ ബന്ധപ്പെട്ട നിയമത്തിലെ ഏത് വകുപ്പ് അനുസരിച്ചാണ് മറികടന്നതെന്നും, എന്തടിസ്ഥാനത്തിലാണ് അതോറിറ്റി എം.ഡി.ക്ക് ഇത്തരം നിരുത്തരവാദപരമായ നിർദ്ദേശം നൽകിയതെന്നും ജലവിഭവ വകുപ്പ് വ്യക്തമാക്കണമെന്നും, ആയത് സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തി, ഒരു മാസത്തിനകം സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും ആവശ്യപ്പെടുന്നു.

18. ഡിലേ സ്റ്റേറ്റ്മെന്റ് തയ്യാറാക്കുന്നത് സംബന്ധിച്ച് സമിതിയുടെ വ്യക്തമായ നിർദ്ദേശങ്ങൾ സമിതിയുടെ പല റിപ്പോർട്ടുകളിലും, ഭരണവകുപ്പുകളിൽ നിന്നും പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറുകളിലും പ്രതിപാദിച്ചിട്ടുണ്ടെങ്കിലും ഇത്തരത്തിൽ നിരുത്തരവാദപരമായും ഉദാസീനമായും ഡിലേ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയ വകുപ്പിന്റെ നടപടിയിൽ സമിതിക്കുള്ള അതൃപ്തി രേഖപ്പെടുത്തുന്നു.

19. അതോറിറ്റിയുടെ 2007-08 മുതലുള്ള വാർഷിക കണക്കുകൾ ഇതുവരെയും സഭയിൽ സമർപ്പിച്ചിട്ടില്ല. കേന്ദ്ര-സംസ്ഥാന സർക്കാരിൽ നിന്നുള്ള ധനസഹായം, വിവിധ ഏജൻസികളിൽ നിന്നുള്ള വായ്പ, വാട്ടർ ചാർജ് കളക്ഷൻ എന്നീ ഇനങ്ങളിലായി കോടിക്കണക്കിന് രൂപയുടെ സാമ്പത്തിക ക്രയവിക്രയമുള്ള ഒരു സ്ഥാപനത്തിന്റെ വാർഷിക കണക്കുകൾ ബന്ധപ്പെട്ട നിയമത്തിൽ അനുശാസിക്കുന്ന സമയപരിധിക്കുള്ളിൽ സഭയുടെ മേശപ്പുറത്തുവയ്ക്കാൻ അതോറിറ്റിക്ക് നിയമപരമായി ബാധ്യത

ഉണ്ടായിരിക്കെ, കഴിഞ്ഞ അഞ്ച് വർഷത്തെ വാർഷിക കണക്കുകൾ സഭയ്ക്കുമുമ്പാകെ സമർപ്പിക്കാത്തത് ന്യായീകരിക്കാനാവില്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. കുടിശ്ശിക വാർഷിക റിപ്പോർട്ടുകളുടെ പൂർത്തീകരണം സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും സമിതി തെളിവെടുപ്പ് നടത്തി, ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടും, റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നതിൽ യാതൊരുവിധ പുരോഗതിയും കൈവരിക്കാത്തത് ജലവിഭവ വകുപ്പിന്റെയും ജലഅതോറിറ്റി ഉദ്യോഗസ്ഥരുടെയും ഭാഗത്തു നിന്നുള്ള ഗുരുതരമായ വീഴ്ചയാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. ഒരു സ്ഥാപനത്തിന്റെ തന്നെ വാർഷിക/ഭരണ/ഓഡിറ്റ് റിപ്പോർട്ടുകളുടെ പൂർത്തീകരണം സംബന്ധിച്ച് തുടർച്ചയായി സമിതി റിപ്പോർട്ടുകളിൽ പരാമർശിക്കേണ്ടിവരുന്നത്, മുൻകാലങ്ങളിൽ സമിതി നൽകിയ നിർദ്ദേശങ്ങളും നടപ്പിൽ വരുത്തുവാനാവശ്യപ്പെട്ട ശുപാർശകളും, കാര്യക്ഷമമായ രീതിയിൽ നടപ്പിലാക്കാത്തതിന്റെ പരിണിതഫലമാണെന്ന് സമിതി കരുതുന്നു.

20. ജലഅതോറിറ്റിയുടെ 2005-06 മുതൽ 2008-09 വരെയുള്ള വർഷങ്ങളിലെ ഭരണ റിപ്പോർട്ടുകൾ തയ്യാറാക്കുന്നത് വേണ്ടെന്നുവയ്ക്കാൻ അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയതിനുള്ള വ്യക്തമായ വിശദീകരണം അടിയന്തിരമായി ലഭ്യമാക്കണമെന്നും പ്രസ്തുത വിഷയം സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തി റിപ്പോർട്ട് സമിതിക്ക് നൽകണമെന്നും ശുപാർശ ചെയ്യുന്നു.

21. അതോറിറ്റിയുടെ 2005-06 മുതൽ 2008-09 വരെയുള്ള ഭരണ റിപ്പോർട്ടുകൾ, 2007-08 മുതലുള്ള വാർഷിക കണക്കുകൾ എന്നിവ യഥാസമയം സഭയിൽ സമർപ്പിക്കാൻ വൈകിയതിനുള്ള കാരണം വിശദമാക്കുന്ന ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം സഭയിൽ സമർപ്പിക്കുന്നതിനാവശ്യമായ മേൽ നടപടികൾ അടിയന്തിരമായി സ്വീകരിക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു.

22. അതോറിറ്റിയിൽ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരണം ഏർപ്പെടുത്തി അക്കൗണ്ടിംഗ്/ഓഡിറ്റിംഗ് സംവിധാനം കാര്യക്ഷമമാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.

23. അതോറിറ്റിയുടെ ആഭ്യന്തര ഓഡിറ്റിംഗ് സംവിധാനം ശക്തിപ്പെടുത്തണമെന്നും, അതിലേക്കാവശ്യമായ ജീവനക്കാരെ നിയമിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

24. വാട്ടർ അതോറിറ്റിയുടെ വാർഷിക/ഭരണ/ഓഡിറ്റ് റിപ്പോർട്ടുകൾ കാലതാമസം കൂടാതെ സഭയിൽ സമർപ്പിക്കണമെന്നും, മേൽപ്പറഞ്ഞ സമിതി നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സഗൗരവം പരിഗണിച്ച് ആയത് അടിയന്തിരമായി നടപ്പിൽ വരുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്

25. 1971-ലെ സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ആക്ടിലെ വകുപ്പ് 126, ഭവന നിർമ്മാണ ബോർഡിന്റെ വാർഷിക കണക്കുകൾ ഓഡിറ്റ് റിപ്പോർട്ട് സഹിതം സഭയ്ക്കുമുമ്പാകെ സമർപ്പിക്കണമെന്ന് നിഷ്കർഷിക്കുന്നു.

26. പ്രസ്തുത ബോർഡിന്റെ 2005-06 മുതൽ 2008-09 വരെയുള്ള വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളുടെ ഡിലേ സ്റ്റേറ്റ്മെന്റ് 29-11-2011-ൽ ചേർന്ന സമിതി യോഗം പരിശോധിച്ചു. ഒരു ഡിലേ സ്റ്റേറ്റ്മെന്റ് തയ്യാറാക്കുന്നതിനാവശ്യമായ എല്ലാ മാനദണ്ഡങ്ങളും നിർദ്ദേശങ്ങളും പാലിച്ചുകൊണ്ട്, വളരെ തൃപ്തികരമായി, റിപ്പോർട്ട് സമർപ്പിക്കേണ്ട ഓരോ ഘട്ടത്തിലേയും താമസം വ്യക്തമാക്കുന്ന രീതിയിൽ ഡിലേ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയ വകുപ്പിനെ സമിതിയുടെ അഭിനന്ദനം അറിയിക്കുവാൻ തീരുമാനിച്ചു. ആയതിനാൽ വളരെ വ്യക്തവും സമഗ്രവുമായി ഡിലേ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയ ഭവന നിർമ്മാണ വകുപ്പിനെ സമിതിയുടെ അഭിനന്ദനം അറിയിക്കുന്നു. ഭരണപരമായ കാലതാമസം, മനഃപ്പൂർവ്വമല്ലാത്ത കാലതാമസം എന്നീ രണ്ട് സാങ്കേതിക പദങ്ങൾ, ഡിലേ സ്റ്റേറ്റ്മെന്റുകളിൽ അച്ചടിച്ച് കാലതാമസത്തിന്റെ യഥാർത്ഥ കാരണം വിശദമാക്കാതെ വളരെ ലാഘവത്തോടെ ഡിലേ സ്റ്റേറ്റ്മെന്റുകൾ തയ്യാറാക്കുന്ന എല്ലാ സർക്കാർ വകുപ്പുകളും, ഡിലേ സ്റ്റേറ്റ്മെന്റുകൾ തയ്യാറാക്കുന്ന കാര്യത്തിൽ ഭവന നിർമ്മാണ വകുപ്പിനെ മാതൃകയാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു (2005-06-ലെ ഡിലേ സ്റ്റേറ്റ്മെന്റ് അനുബന്ധം II ആയി ചേർത്തിരിക്കുന്നു).

27. ഡിലേ സ്റ്റേറ്റ്മെന്റുകൾ തയ്യാറാക്കുന്ന എല്ലാ സർക്കാർ വകുപ്പുകളും ഭരണപരമായ കാലതാമസം, മനഃപ്പൂർവ്വമല്ലാത്തകാലതാമസം എന്നിങ്ങനെയുള്ള സാങ്കേതിക പദങ്ങൾ ഡിലേ സ്റ്റേറ്റ്മെന്റുകളിൽ നിന്ന് ഒഴിവാക്കണമെന്നും, ഏത് ഘട്ടങ്ങളിലാണ് കാലതാമസം വന്നതെന്ന് വ്യക്തമാകുന്ന രീതിയിൽ ഡിലേ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സമിതി മുമ്പാകെ സമർപ്പിക്കണമെന്നും ശുപാർശ ചെയ്യുന്നു.

28. ഭവന നിർമ്മാണ ബോർഡിന്റെ 2009-10 മുതൽ കുടിശ്ശികയായുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ അടിയന്തിരമായി സഭയിൽ സമർപ്പിക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു.

### III. സാംസ്ക്കാരികകാര്യ വകുപ്പ്

29. സാംസ്ക്കാരികകാര്യ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളുടെ, പട്ടികയിലെ കോളം 2-ൽ സൂചിപ്പിച്ചിരിക്കുന്ന വർഷങ്ങളിലെ റിപ്പോർട്ടുകളുടെ ഡിലേ സ്റ്റേറ്റ്മെന്റുകൾ സമിതി പരിശോധിച്ചു.

സ്ഥാപനത്തിന്റെ പേര്, ഡിലേ സ്റ്റേറ്റ്മെന്റിന്റെ വർഷം, കുടിശ്ശിക സംബന്ധിച്ച വിശദാംശങ്ങൾ എന്നിവ പട്ടികയിൽ ചേർത്തിരിക്കുന്നു

| *നമ്പർ* | *സ്ഥാപനത്തിന്റെ പേര്* | *റിപ്പോർട്ട്* | *റിമാർക്സ്* |
|---|---|---|---|
| 1 | സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസ് | 2003-04 മുതൽ 2005-06 വരെ | 2006-07 മുതലുള്ള റിപ്പോർട്ടുകൾ കുടിശ്ശികയാണ് |
| 2 | കേരള സംഗീത നാടക അക്കാദമി | 2005-06, 2008-09 & 2009-10 | 2010-11-ലെ റിപ്പോർട്ട് 6-3-2012-ന് സഭയിൽ സമർപ്പിച്ചു. |
| 3 | കേരള കലാമണ്ഡലം കല്പിത സർവ്വകലാശാല | 2002-03 മുതൽ 2009-2010 വരെ | 2010-11, 2011-12 എന്നീ വർഷങ്ങളിലെ റിപ്പോർട്ടുകൾ കുടിശ്ശികയാണ് |
| 4 | കേരള ലളിതകലാ അക്കാദമി 2008-2009 വരെ | 2002-03 മുതൽ | 2010-11 വരെയുള്ള ഭരണ റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചിട്ടുണ്ട് |
| 5 | ഗുരു ഗോപിനാഥ് നടനഗ്രാമം | 2002-03 മുതൽ 2004-2005 വരെ | 2005-06 മുതൽ കുടിശ്ശികയാണ്. |
| 6 | കേരള സാഹിത്യ അക്കാദമി | 2005-06 മുതൽ 2009-2010 വരെ | 2010-11-ലെ റിപ്പോർട്ട് 27-9-2011-ന് സമർപ്പിച്ചു |
| 7 | കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് | 2005-06 & 2006- 2007 | 2007-08 മുതൽ കുടിശ്ശികയാണ്. |
| 8 | ഭാരത് ഭവൻ, തിരുവനന്തപുരം | 2002-03 മുതൽ 2008-2009 വരെ | 2009-10, 2010-11 എന്നീ വർഷങ്ങളിലെ റിപ്പോർട്ടുകൾ 6-3-2012-ന് സമർപ്പിച്ചു. |
| 9 | വൈലോപ്പിള്ളി സംസ്കൃതി ഭവൻ | 2007-08 | 2010-11-ലെ റിപ്പോർട്ട് 6-3-2012-ന് സമർപ്പിച്ചു. |

30. മേൽപ്പറഞ്ഞ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകളോടൊപ്പം നൽകിയ മിക്ക ഡിലേ സ്റ്റേറ്റ്മെന്റുകളിലും റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കണമെന്ന് അറിവില്ലായിരുന്നുവെന്ന പരാമർശം സമിതി ഗൗരവപൂർവ്വം വീക്ഷിക്കുന്നു. റിപ്പോർട്ടുകൾ കാലതാമസമില്ലാതെ തന്നെ സഭയ്ക്കുമുമ്പാകെ സമർപ്പിക്കണമെന്ന് ബന്ധപ്പെട്ട നിയമത്തിൽ വ്യവസ്ഥയുണ്ടായിരിക്കെ, നിയമത്തെക്കുറിച്ചുള്ള

അജ്ഞത ഒരു ഒഴിവുകഴിവല്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. സ്വന്തം വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ അവയുടെ വാർഷിക ഭരണ/പ്രവർത്തന റിപ്പോർട്ടുകളും ഓഡിറ്റ് ചെയ്ത കണക്കുകളും യഥാസമയം സഭയിൽ സമർപ്പിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതും, അതിനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകേണ്ടതും അതാത് ഭരണ വകുപ്പുകളാണെന്ന വിവരം സമിതി ഓർമ്മപ്പെടുത്തുന്നു. റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുകയെന്ന ഭരണഘടനാപരമായ ഒരു പ്രക്രിയയെ നിസ്സാരവൽക്കരിക്കുന്നത് സാംസ്ക്കാരികകാര്യം പോലുള്ള വകുപ്പുകൾക്ക് യോജിച്ച നടപടിയല്ലെന്ന് സമിതി വിലയിരുത്തുന്നു. ലക്ഷക്കണക്കിന് രൂപ സർക്കാരിൽ നിന്നും സാമ്പത്തിക സഹായം സ്വീകരിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ അവയുടെ കണക്കുകൾ യഥാസമയം പൊതു സമൂഹത്തെ ബോധ്യപ്പെടുത്തേണ്ടതുണ്ട്. അതിനുപകരം റിപ്പോർട്ടുകൾ നിയമസഭയ്ക്കുമുമ്പാകെ സമർപ്പിക്കണമെന്ന് അറിയില്ലായിരുന്നു, മുൻ ഭരണസമിതിയാണ് റിപ്പോർട്ടുകൾ നൽകേണ്ടിയിരുന്നത്, ജീവനക്കാരുടെ അഭാവം ഓഡിറ്റിംഗിനെ പ്രതികൂലമായി ബാധിച്ചു, റിപ്പോർട്ടുകളും കണക്കുകളും സഭയിൽ സമർപ്പിക്കണമെന്ന നിർദ്ദേശം ലഭ്യമല്ലായിരുന്നു എന്നീ ന്യായവാദങ്ങളുന്നയിച്ച് റിപ്പോർട്ടുകൾ യഥാസമയം സഭയ്ക്കുമുമ്പാകെ സമർപ്പിക്കാതിരിക്കുന്നത് യാതൊരു കാരണവശാലും അംഗീകരിക്കാനാവില്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു.

31. മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ വിവിധ വർഷങ്ങളിലെ വാർഷിക റിപ്പോർട്ടുകൾ/കണക്കുകൾ സഭയിൽ സമർപ്പിക്കാനുണ്ട്. സാംസ്ക്കാരികകാര്യ വകുപ്പിന്റെ ഭരണനിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിൽ ഏത് വർഷം വരെയുള്ള കണക്കുകളിന്മേൽ ഓഡിറ്റിംഗ് ജോലികൾ പൂർത്തിയായി എന്ന സമിതിയുടെ ചോദ്യത്തിന് സാംസ്ക്കാരിക വകുപ്പിൽ നിന്നും ഇതുവരെയും മറുപടി ലഭ്യമായിട്ടില്ല.

32. ആയതിനാൽ, സാംസ്ക്കാരിക വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന, റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കേണ്ട എല്ലാ സ്ഥാപനങ്ങളും കുടിശ്ശികയായുള്ള വാർഷിക റിപ്പോർട്ടുകളും കണക്കുകളും അടിയന്തിരമായി സഭയിൽ സമർപ്പിക്കണമെന്ന് സമിതി കർശനമായി ആവശ്യപ്പെടുന്നു.

33. വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ അവയുടെ വാർഷിക ഭരണ ഓഡിറ്റ് റിപ്പോർട്ടുകൾ/കണക്കുകൾ എന്നിവ കാലതാമസമില്ലാതെ സഭയിൽ സമർപ്പിക്കണമെന്ന് അതാത് സ്ഥാപനമേധാവികൾക്ക് കർശന നിർദ്ദേശം നൽകണമെന്നും, ആയതിന്റെ ഒരു പകർപ്പ് സമിതിയുടെ അറിവിലേക്ക് സമർപ്പിക്കണമെന്നും സമിതി ആവശ്യപ്പെടുന്നു.

34. ഡിലേ സ്റ്റേറ്റ്മെന്റുകൾ തയ്യാറാക്കുന്നത് സംബന്ധിച്ച് സമിതി പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾ സാംസ്ക്കാരിക വകുപ്പിന് കൂടി ബാധകമാണെന്നും, സമിതിയുടെ പ്രസ്തുത നിർദ്ദേശങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ഭാവിയിൽ ഡിലേ സ്റ്റേറ്റ്മെന്റ് തയ്യാറാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

1104/2012.

## IV. കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്

35. കേരളത്തിലെ സർക്കാർ ആശുപത്രികളെ ആശ്രയിക്കുന്ന സാധാരണക്കാരായ രോഗികൾക്ക് ആവശ്യമായ ജീവൻരക്ഷാ മരുന്നുകൾ ഉൽപ്പാദിപ്പിക്കുകയും, വിതരണം ചെയ്യുകയും ചെയ്യുന്ന കേരള സർക്കാരിന്റെ വ്യവസായ വകുപ്പിൻകീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമാണ്, 1974-ൽ സ്ഥാപിതമായ ആലപ്പുഴ ജില്ലയിലെ കലവൂരിൽ പ്രവർത്തിക്കുന്ന കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്. വാർഷിക റിപ്പോർട്ടുകൾ സഭയ്ക്കു മുമ്പാകെ സമർപ്പിക്കുന്നതിൽ അസാധാരണമായ കാലതാമസം വരുത്തിയിട്ടുള്ള ഒരു സ്ഥാപനമാണിത്. ഏറ്റവും മോശമായി അക്കൗണ്ട്സുകൾ കൈകാര്യം ചെയ്യുന്ന പൊതുമേഖലാ സ്ഥാപനങ്ങളിലൊന്നാണിതെന്ന് മുൻ സമിതികൾ അവയുടെ റിപ്പോർട്ടിൽ ഈ സ്ഥാപനത്തെ സംബന്ധിച്ച് പരാമർശിച്ചിട്ടുണ്ട്.

36. സമിതി ആറാമത് യോഗം ചേർന്ന 4-1-2012 വരെ പ്രസ്തുത സ്ഥാപനത്തിന്റെ 2003-04 വരെയുള്ള വാർഷിക റിപ്പോർട്ടുകളും കണക്കുകളും മാത്രമേ സഭയിൽ സമർപ്പിച്ചിരുന്നുള്ളൂ. റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നതിന് എട്ട് വർഷത്തോളം കുടിശ്ശികയുണ്ടായിരുന്നതിനാൽ, കുടിശ്ശിക വാർഷിക റിപ്പോർട്ടുകളുടെ പൂർത്തീകരണം സംബന്ധിച്ച് ബന്ധപ്പെട്ട അധികൃതരിൽ നിന്ന് തെളിവെടുപ്പ് നടത്താൻ സമിതി തീരുമാനിക്കുകയും, 21-2-2012-ൽ കോർപ്പറേഷൻ കോൺഫറൻസ് ഹാളിൽ വച്ച് തെളിവെടുപ്പ് നടത്തുകയും ചെയ്തു. പ്രസ്തുത തെളിവെടുപ്പിന്റെ വിശദാംശങ്ങൾ താഴെപ്പറയുന്നു.

37. കെ.എസ്.ഡി.പി.യുടെ 2002-03, 2003-04 എന്നീ വർഷങ്ങളിലെ വാർഷിക റിപ്പോർട്ടുകൾ 28-6-2011-ന് മാത്രമാണ് സഭയിൽ സമർപ്പിച്ചത്. മേൽപ്പറഞ്ഞ വർഷങ്ങളിലെ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് ഏഴ് വർഷത്തോളം കാലതാമസമുണ്ടായതിന്റെ കാരണം സമിതി അന്വേഷിക്കുകയും, കമ്പനിയിലെ ചില ഉദ്യോഗസ്ഥർക്കെതിരെയുള്ള കേസുമായി ബന്ധപ്പെട്ട് ഫയലുകളും, രജിസ്റ്ററുകളും വിജിലൻസ് വകുപ്പിന്റെ കൈവശമായിരുന്നതുകൊണ്ടാണ് ഓഡിറ്റിംഗ് നടത്തി വാർഷിക റിപ്പോർട്ട് സമർപ്പിക്കാൻ കാലതാമസം നേരിട്ടതെന്ന് ഫിനാൻസ് മാനേജർ മറുപടി നൽകുകയും ചെയ്തു.

38. വിജിലൻസ് അന്വേഷണത്തിനായി കൊണ്ടുപോയ ഫയലുകളും, രജിസ്റ്ററുകളും തിരികെ ലഭിച്ചതിനുശേഷവും വാർഷിക റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിന് ഏഴ് വർഷത്തോളം കാലതാമസമുണ്ടായെന്ന് സമിതി കണ്ടെത്തി.

39. കണക്കുകൾ കൃത്യമായി ഓഡിറ്റ് ചെയ്യുകയും റിപ്പോർട്ടുകൾ യഥാസമയം സഭയ്ക്കു മുമ്പാകെ സമർപ്പിക്കുകയും ചെയ്തില്ലെങ്കിൽ കമ്പനിക്കെതിരെ ശിക്ഷണനടപടികൾ സ്വീകരിക്കേണ്ടതായിവരുമെന്നും ആവശ്യമെങ്കിൽ ലയബിലിറ്റി ഈടാക്കുന്നതിന് ക്രിമിനൽ നടപടികളുമായി മുന്നോട്ട് പോകേണ്ടി വരുമെന്നും സമിതി കമ്പനി അധികൃതർക്ക് മുന്നറിയിപ്പ് നൽകി.

40. വാർഷിക റിപ്പോർട്ടുകളുടെ പൂർത്തീകരണം സംബന്ധിച്ച് സ്വീകരിച്ച നടപടി, വിജിലൻസ് കേസിന്റെ നിലവിലെ അവസ്ഥ, കഴിഞ്ഞ സാമ്പത്തികവർഷ ത്തിൽ സർക്കാരിൽ നിന്നും ലഭിച്ച സാമ്പത്തിക സഹായത്തിന്റെ വിശദാംശ ങ്ങൾ എന്നിവ സംബന്ധിച്ചുള്ള സമിതിയുടെ അന്വേഷണത്തിന് വ്യക്തമായ മറുപടി നൽകുവാൻ കമ്പനി അധികൃതർക്ക് സാധിച്ചില്ല. എന്നാൽ കമ്പനിക്ക് നിലവിൽ 85 കോടി രൂപയുടെ സഞ്ചിത നഷ്ടമുണ്ടെന്ന് മാനേജിംഗ് ഡയറക്ടർ സമിതിയെ അറിയിച്ചു.

41. നിയമസഭാ സമിതിയുടെ സന്ദർശനം അടുത്ത വാർഷികപൊതുയോഗത്തിൽ ചർച്ച ചെയ്യണമെന്നും, സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിംഗ് കൃത്യസമയത്ത് നടത്താത്തത് സംബന്ധിച്ചുള്ള സമിതിയുടെ അതൃപ്തി പൊതുയോഗത്തെ അറിയിക്കണ മെന്നും നിർദ്ദേശിച്ച സമിതി പൊതുയോഗത്തിന്റെ പ്രതികരണം സമിതിയെ ബോധ്യപ്പെടുത്തണമെന്നും മാനേജിംഗ് ഡയറക്ടറോട് ആവശ്യപ്പെട്ടു.

42. വാർഷിക റിപ്പോർട്ടുകളും കണക്കുകളും തയ്യാറാക്കുന്നതിലും വാർഷിക പൊതുയോഗത്തിൽ സമർപ്പിക്കുന്നതിലും അവ സർക്കാരിലേക്ക് നൽകുന്ന തിലും ഗുരുതരമായ വീഴ്ച വരുത്തുന്ന സ്ഥാപനമാണ് കെ.എസ്.ഡി.പി -യെന്ന് സമിതി വിലയിരുത്തുകയും പൊതുജനങ്ങളോട് മറുപടി പറയാൻ ബാധ്യതയുള്ള സ്ഥാപനമാണ് ഇത്തരത്തിൽ പ്രവർത്തിക്കുന്നതെന്ന് അഭിപ്രാ യപ്പെടുകയും ചെയ്തു.

43. സമിതിയുടെ തെളിവെടുപ്പിനുശേഷം, പ്രസ്തുത സ്ഥാപനത്തിന്റെ 2004-05 മുതൽ 2007-08 വരെയുള്ള റിപ്പോർട്ടുകൾ ഈ സെക്രട്ടേറിയറ്റിൽ ലഭ്യമാ ക്കുകയും ആയത് 6-3-2012-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു. കൂടാതെ, 2008-09-ലെ റിപ്പോർട്ട് 8-5-2012-ൽ ഈ സെക്രട്ടേറിയറ്റിൽ ലഭ്യമാ ക്കുകയും ആയത് 26-6-2012-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. സമിതിയുടെ ശക്തമായ ഇടപെടൽമൂലം റിപ്പോർട്ട് സമർപ്പണത്തിൽ പുരോഗതി കൈവരിച്ച ഒരു സ്ഥാപനമാണ് കെ.എസ്.ഡി.പി. എങ്കിലും പ്രസ്തുത സ്ഥാപനത്തിന്റെ 2009-10 മുതലുള്ള വാർഷിക റിപ്പോർട്ടുകൾ കുടിശ്ശികയായി തുടരുകയാണ്. 2009-2010-ലെ വാർഷിക കണക്കുകളിന്മേൽ ഓഡിറ്റിംഗ് റിപ്പോർട്ട് പൂർത്തീകരിച്ചുവെന്നും, ആയത് ഡയറക്ടർ ബോർഡ് അംഗീകാരം നൽകിയെന്നും, 2010-2011 -ലെ വാർഷിക റിപ്പോർട്ട് തയ്യാറാക്കു ന്നതിന് ഓഡിറ്റേഴ്സിന്റെ നിയമനം ലഭിച്ചിട്ടുണ്ടെന്നും തെളിവെടുപ്പ് വേളയിൽ സമിതിക്ക് നൽകിയ ഒരു കുറിപ്പിൽ മാനേജിംഗ് ഡയറക്ടർ വ്യക്തമാക്കി യിട്ടുണ്ട്.

44. പ്രസ്തുത സ്ഥാപനത്തിന്റെ 2004-05 മുതൽ 2007-08 വരെയുള്ള 4 വർഷത്തെ റിപ്പോർട്ടുകൾ ഒരുമിച്ചാണ് ഈ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കിയത്. ഓരോ വർഷത്തേയും റിപ്പോർട്ടുകൾ, നിശ്ചിത സമയപരിധിക്കുള്ളിൽ, സഭയിൽ സമർപ്പിക്കണമെന്നിരിക്കെ, ഒരു സ്ഥാപനത്തിന്റെ മൂന്നും, നാലും വർഷത്തെ റിപ്പോർട്ടുകൾ ഒരുമിച്ച്, ആറും, ഏഴും വർഷങ്ങൾക്കുശേഷം സഭയിൽ സമർപ്പിക്കുന്നത്, ആ സ്ഥാപനത്തിന്റെ പ്രവർത്തന സുതാര്യതയെ ബാധിക്കുന്ന ഗുരുതരമായ പ്രശ്നമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.

45. പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കോടിക്കണക്കിന് രൂപ ധനസഹായം നൽകുന്ന സർക്കാർ വകുപ്പുകൾ അവയുടെ വാർഷിക റിപ്പോർട്ടുകൾ യഥാസമയം സഭയിൽ സമർപ്പിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടത് ബന്ധപ്പെട്ട വകുപ്പുകളുടെ പരമപ്രധാനമായ ഉത്തരവാദിത്വങ്ങളിലൊന്നാണ്. സമിതി റിപ്പോർട്ടുകൾ യഥാസമയം സമർപ്പിക്കാൻ വിമുഖതയുള്ള കമ്പനി മേധാവികൾക്കെതിരെ ആവശ്യമായ ശിക്ഷാ നടപടികൾ സ്വീകരിക്കാൻ 1956-ലെ കമ്പനി നിയമത്തിലെ വകുപ്പ് 209(5) സംസ്ഥാന സർക്കാരിന് അധികാരം നൽകുന്നുണ്ടെന്ന കാര്യം സമിതി ബന്ധപ്പെട്ടവരെ ഓർമ്മിപ്പിക്കുന്നു.

46. കെ.എസ്.ഡി.പി.യുടെ കുടിശ്ശികയായുള്ള 2009-10 മുതലുള്ള വാർഷിക റിപ്പോർട്ടുകളും കണക്കുകളും സഭയിൽ സമർപ്പിക്കാനാവശ്യമായ സത്വര നടപടി സ്വീകരിക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു.

47. കമ്പനിയുടെ മൂന്നും നാലും വർഷത്തെ റിപ്പോർട്ടുകൾ ഒരുമിച്ച് സമർപ്പിക്കുന്ന പ്രവണത അവസാനിപ്പിക്കണമെന്നും, റിപ്പോർട്ടുകൾ സമയബന്ധിതമായി തന്നെ സഭയിൽ സമർപ്പിക്കണമെന്ന് കമ്പനി മേധാവികൾക്ക് നിർദ്ദേശം നൽകണമെന്നും വ്യവസായ വകുപ്പിനോട് ശുപാർശ ചെയ്യുന്നു.

48. വിജിലൻസ് കേസിന്റെ നിലവിലെ അവസ്ഥ സംബന്ധിച്ച് തെളിവെടുപ്പ് വേളയിൽ ആവശ്യപ്പെട്ട വിവരങ്ങൾ അടിയന്തിരമായി സമിതിക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെടുന്നു.

49. കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നത് സംബന്ധിച്ച് ഇന്ത്യൻ പാർലമെന്റിലെ മേശപ്പുറത്ത് വച്ച കടലാസുകൾ സംബന്ധിച്ച സമിതി പുറപ്പെടുവിച്ച പുതിയ മാർഗ്ഗ നിർദ്ദേശങ്ങൾ, കേരള നിയമസഭയിലെ മേശപ്പുറത്ത് വച്ച കടലാസുകൾ സംബന്ധിച്ച സമിതിയുടെ പ്രവർത്തനങ്ങൾക്ക് കൂടി ബാധകമാകുന്ന രീതിയിൽ, ബന്ധപ്പെട്ട ചട്ടങ്ങളിൽ ഉൾപ്പെടുത്തണമെന്ന, ചട്ടങ്ങൾ സംബന്ധിച്ച സമിതിയ്ക്ക് കൈമാറിയ സമിതിയുടെ പ്രഥമ യോഗത്തിലെ ശുപാർശ, ചട്ടങ്ങൾ സംബന്ധിച്ച സമിതിയുടെ 2012 മാർച്ച് 20-ാം തീയതി ചേർന്ന യോഗം പരിഗണിയ്ക്കുകയും, പ്രസ്തുത വിഷയം താഴെപ്പറയും വിധം മേശപ്പുറത്ത് വച്ച കടലാസുകൾ സംബന്ധിച്ച സമിതിയുടെ ഇന്റേണൽ വർക്കിംഗ് റൂളിൽ ചേർക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

50. 'സർക്കാരിൽ നിന്നും ഒറ്റത്തവണയായി 50 ലക്ഷം രൂപയോ അതിൽ കൂടുതലോ സാമ്പത്തിക സഹായം ലഭിക്കുന്ന സന്നദ്ധ/സഹകരണ സ്ഥാപനങ്ങൾ, ആവർത്തകമായി 25 ലക്ഷം രൂപയോ അതിലധികമോ സാമ്പത്തിക സഹായം ലഭിക്കുന്ന സന്നദ്ധ സ്ഥാപനങ്ങൾ, അവയുടെ വാർഷിക ഓഡിറ്റ് റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്ത് വയ്ക്കണമെന്ന് ബന്ധപ്പെട്ട ചട്ടങ്ങളിൽ വ്യവസ്ഥയില്ലെങ്കിൽ പോലും, സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതാണ്.'

51. സമിതിയുടെ 27-5-2011-ലെ യോഗം, എല്ലാ സർക്കാർ വകുപ്പുകൾക്ക് കീഴിൽ പ്രവർത്തിക്കുന്ന, സർക്കാരിന്റെ സാമ്പത്തിക സഹായം സ്വീകരിക്കുന്ന എല്ലാ സ്ഥാപനങ്ങളേയും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് വകുപ്പുകളോട് ആവശ്യപ്പെടാൻ തീരുമാനിക്കുകയും, സമിതി തീരുമാനം ചീഫ് സെക്രട്ടറിയെയും എല്ലാ വകുപ്പ് സെക്രട്ടറിമാരെയും അറിയിക്കുകയും ചെയ്തെങ്കിലും, 38 പൊതുമേഖലാ സ്ഥാപനങ്ങളുടെ ഭരണനിയന്ത്രണമുള്ള വ്യവസായ വകുപ്പടക്കം 13 സർക്കാർ വകുപ്പുകൾ യാതൊരു മറുപടിയും നാളിതുവരെയായി സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനായി ലഭ്യമാക്കിയിട്ടില്ല. കൂടാതെ സമിതിയുടെ 23-11-2011-ലെ യോഗം എല്ലാ സർക്കാർ വകുപ്പുകളുടെ ഭരണ നിയന്ത്രണത്തിലുള്ള പൊതുമേഖലാ/സ്വയംഭരണ സ്ഥാപനങ്ങളും ഏതു വർഷം വരെയുള്ള വാർഷിക കണക്കുകളിൻമേൽ ഓഡിറ്റിംഗ് പൂർത്തിയാക്കി എന്ന വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടെങ്കിലും 9 വകുപ്പുകൾ മാത്രമാണ് സമിതി ആവശ്യപ്പെട്ട വിവരം ലഭ്യമാക്കിയത്. 27-5-2011-ലെ യോഗം ആവശ്യപ്പെട്ട മറുപടി ഇതുവരെയും ലഭ്യമാക്കാത്ത വകുപ്പുകളുടേയും, 23-11-2011-ലെ യോഗം ആവശ്യപ്പെട്ട വിവരങ്ങൾ നൽകിയ സർക്കാർ വകുപ്പുകളുടെയും വിശദവിവരം പട്ടിക I & II ആയി താഴെ ചേർക്കുന്നു.

<u>പട്ടിക I</u>

| ക്രമ നമ്പർ | വകുപ്പിന്റെ പേര് | ഭരണനിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളുടെ എണ്ണം |
|---|---|---|
| 1. | വ്യവസായം | 38 |
| 2. | പട്ടികജാതി പട്ടികവർഗ്ഗ വികസനം | 3 |
| 3. | വിനോദസഞ്ചാര വികസനം | 3 |
| 4. | സാമൂഹ്യക്ഷേമം | 2 |
| 5. | ഊർജ്ജം | 2 |
| 6. | തദ്ദേശസ്വയംഭരണം | 2 |
| 7. | ആഭ്യന്തരം | 1 |
| 8. | പരിസ്ഥിതി | 2 |
| 9. | റവന്യൂ | .. |
| 10. | പൊതുവിദ്യാഭ്യാസം | .. |
| 11. | ഉന്നതവിദ്യാഭ്യാസം | 1 |
| 12. | തൊഴിലും പുനരധിവാസവും | 2 |

പട്ടിക II

| ക്രമനമ്പർ | വകുപ്പിന്റെ പേര് |
|---|---|
| 1. | ഉന്നതവിദ്യാഭ്യാസം |
| 2. | ഊർജ്ജം |
| 3. | ആസൂത്രണ സാമ്പത്തികകാര്യം |
| 4. | ശാസ്ത്രസാങ്കേതികം |
| 5. | റവന്യൂ |
| 6. | ഗതാഗതം |
| 7. | പരിസ്ഥിതി |
| 8. | നിയമം |
| 9. | ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാരം |

52. സമിതി ആവശ്യപ്പെട്ട വിവരങ്ങൾക്കുള്ള മറുപടി സമിതിയുടെ പരിഗണനയ്ക്ക് ലഭ്യമാക്കാത്തത്, സഭയോടും സമിതിയോടുമുള്ള അനാദരവാണെന്ന് സമിതി വിലയിരുത്തുന്നു. സഭാസമിതിയുടെ നിർദ്ദേശങ്ങളെ ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തിക്കാൻ ബാധ്യസ്ഥമായ സർക്കാർ വകുപ്പുകൾ, സമിതി ആവശ്യപ്പെട്ട വിവരങ്ങൾ സമിതിയുടെ പരിഗണനയ്ക്ക് യഥാസമയം സമർപ്പിക്കാത്തതിലുള്ള അതൃപ്തി രേഖപ്പെടുത്തുന്നു.

53. സ്ഥാപനങ്ങളുടെ വാർഷിക റിപ്പോർട്ടുകളുടെ ഡിലേ സ്റ്റേറ്റ് പരിശോധനയിൻമേൽ സമിതി ആവശ്യപ്പെട്ട വിവരങ്ങൾക്കുള്ള മറുപടി, സമിതി ശുപാർശയിൻമേൽ ബന്ധപ്പെട്ട വകുപ്പ് സ്വീകരിച്ചുള്ള നടപടികൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റ് എന്നിവ അതാത് ഭരണ വകുപ്പുകൾ മുഖേനയാണ് സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടത്. എന്നാൽ ചില സ്ഥാപനങ്ങൾ സമിതിക്ക് നേരിട്ട് മറുപടി നൽകി വരുന്നതായി കാണുന്നു.

54. സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ട ആക്ഷൻ ടേക്കൺ റിപ്പോർട്ടുകൾ, അധികവിവരങ്ങൾ എന്നിവ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണമെന്ന് ബന്ധപ്പെട്ട ചട്ടം അനുശാസിക്കുന്നുണ്ടെന്നിരിക്കെ, സമിതിക്ക് നൽകുന്ന മറുപടി, ഗവൺമെന്റ് ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണമെന്ന നിബന്ധന കർശനമായും പാലിക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു.

## പൊതുശുപാർശ

1. വിവര സാങ്കേതികവിദ്യാ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന 7 സ്ഥാപനങ്ങളിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ്, സൈബർ പാർക്ക് എന്നീ സ്ഥാപനങ്ങൾ മാത്രമാണ് വാർഷിക റിപ്പോർട്ട് സഭയിൽ സമർപ്പിച്ചത്. പ്രസ്തുത വകുപ്പിന്റെ ഭരണനിയന്ത്രണത്തിലുള്ള, കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷൻ, ടെക്നോപാർക്ക്, ഇൻഫോപാർക്ക്, ഐ.സി. ഫോസ് എന്നീ സ്ഥാപനങ്ങൾ ആരോഗ്യ കുടുംബക്ഷേമ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ എന്നിവ അവയുടെ വാർഷിക റിപ്പോർട്ടുകൾ ഇതുവരെയും സഭയിൽ സമർപ്പിച്ചിട്ടില്ല. ആയതിനാൽ മേൽപ്പറഞ്ഞ സ്ഥാപനങ്ങളുടെ വാർഷിക റിപ്പോർട്ടുകൾ അടിയന്തിരമായി സഭയിൽ സമർപ്പിക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു.

2. തിരുവിതാംകൂർ, കൊച്ചിൻ ദേവസ്വം ബോർഡുകളുടെ വാർഷിക ഭരണ റിപ്പോർട്ടുകളും കണക്കുകളും നാളിതുവരെ സഭയിൽ സമർപ്പിച്ചിട്ടില്ല. എന്നാൽ മലബാർ ദേവസ്വം, ഗുരുവായൂർ ദേവസ്വം, കൂടൽമാണിക്യം ദേവസ്വം എന്നിവ അവയുടെ വാർഷിക/ഓഡിറ്റ് റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കാറുണ്ട്. അതിനാൽ തിരുവിതാംകൂർ, കൊച്ചിൻ ദേവസ്വം ബോർഡുകളുടെ റിപ്പോർട്ടുകളും, കണക്കുകളും നിശ്ചിത സമയപരിധിക്കുള്ളിൽ സഭയിൽ സമർപ്പിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നവിധത്തിൽ തിരുവിതാംകൂർ-കൊച്ചിൻ ഹിന്ദു റിലീജിയസ് ആക്ടിൽ ആവശ്യമായ ഭേദഗതികൾ വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3. എല്ലാ സർക്കാർ വകുപ്പുകളും, അവയുടെ ഭരണനിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ, വാർഷിക/ഓഡിറ്റ് റിപ്പോർട്ടുകളും, കണക്കുകളും യഥാസമയം സഭയിൽ സമർപ്പിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും, ആയതിന് വിമുഖത കാണിക്കുന്ന സ്ഥാപനമേധാവികൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കണമെന്നും സമിതി ആവശ്യപ്പെടുന്നു.

ജോസ് തെറ്റയിൽ,

തിരുവനന്തപുരം
2012 ജൂലൈ 16.

*അദ്ധ്യക്ഷൻ,*
*മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി.*

അനുബന്ധം I

**വാർഷിക കണക്കുകളുടെ ഓഡിറ്റിംഗ് കുടിശ്ശിക സംബന്ധിച്ച പട്ടിക**

| ക്രമനമ്പർ | ഓഡിറ്റിംഗ് കുടിശ്ശിക | സ്ഥാപനങ്ങളുടെ എണ്ണം |
|---|---|---|
| 1. | 12 വർഷം | 2 |
| 2. | 9 വർഷം | 1 |
| 3. | 6 വർഷം | 3 |
| 4. | 5 വർഷം | 1 |
| 5. | 4 വർഷം | 8 |
| 6. | 3 വർഷം | 14 |
| 7. | 2 വർഷം | 12 |
| 8. | 2010-11-ലെ ഓഡിറ്റിംഗ് പുരോഗമിക്കുന്നത് | 19 |
| 9. | പുതിയ കമ്പനി | 1 |
| | ആകെ | 61 |
| 10. | ഓഡിറ്റിംഗ് പൂർത്തിയായത് | 28 |
| | ആകെ | 89 |

(ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസിന്റെ 2012-ലെ റിവ്യൂ പ്രകാരമുള്ളത്)

അനുബന്ധം II

NOTES FOR THE DELAY IN SUBMITTING AUDIT REPORT FOR THE YEAR 2005-2006

As per section 126 of Kerala State Housing Board Act 1971 (Act 19 of 1971), account of the Board as certified by the Auditor together with the Audit Report thereon shall be forwarded annually to the Government and the Government shall forward the account together with the Audit Report to the Legislature Secretariat to be laid annually before the Legislative Assembly.

The assignment of preparation of Accounts for the year 2005-06 was entrusted to the firm M/s. Dhan & Co. as per the Board decision dated 29-11-2005 & 25-4-2006 and the firm executed the agreement with the Board on 17-5-2006. But two major trade unions of the Board objected the appointment of M/s. Dhan & Co. due to the change of Government. New Board was also not formed during that time. The matter was placed in the meeting of the new Board and the Board meeting held on 7-12-2006 decided to entrust M/s. Jayakumar, George & Associates, a Chartered Accountant Firm for the assignment of finalization of Annual Accounts for the year 2005-06 on 31-3-2007 and the same was placed before the ensuing Board on 30-4-2007 for approval. The approved Annual Accounts submitted to the Local Fund Audit on 8-5-2007. But the Audit Report which was prepared based on the Annual Accounts was received from the Local Fund only on 24-4-2009. Thereafter competitive tenders were invited through advertisements for printing the Audit Report.

| | | | |
|---|---|---|---|
| (1) | Date of resolution of the Board entrusting preparation of accounts to Chartered Accountants | .. | 7-12-2006 |
| (2) | Date on which the preparation of accounts was entrusted to the Chartered Accountants | .. | 5-1-2006 |
| (3) | Date on which it received back | .. | 31-3-2007 |
| (4) | Date of approval of Accounts by the Board | .. | 30-4-2007 |
| (5) | Date of handing over the Accounts to the Deputy Director of Local Fund Audit | .. | 8-5-2007 |
| (6) | Date of receipt of Audit report from DDLFA | .. | 24-4-2009 |
| (7) | Date on which the Audit report was sent for printing | .. | 22-7-2009 |

| | | | |
|---|---|---|---|
| (8) | Date of receipt of printed Audit Report | .. | 18-9-2009 |
| (9) | Date of submission of Audit Report to Govt. | .. | 17-12-2009 |

In the above circumstance, the delay in submission of the audit report for the year 2005-2006 may be condoned. Utmost caution will be exercised to ensure that such delays are not caused in future.